**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1710** **13-02-2025 - ൽ മറുപടിയ്ക്ക്**

**കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് സ്വതന്ത്ര സ്വഭാവമുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ സ്ഥാപിക്കൽ, വിദ്യാർത്ഥികൾക്ക് കോളേജുകൾക്ക് പുറമെ സർവ്വകലാശാല മാറുവാൻ അവസരം, കൂടാതെ നാലുവർഷ ബിരുദം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പൊതു അക്കാദമിക് കലണ്ടർ നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കോൺസ്റ്റിറ്റ്വന്റ് കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ടി guidelines പുറപ്പെടുവിക്കുന്നതിനായി Kerala State Higher Education Reforms Implementation Cell (KSHERIC)-നെ ചുമതലപ്പെടുത്തിക്കൊണ്ട് 09.08.2023-ലെ GO(Rt) No. 1241/2023/HEDN നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ KSHERIC തയ്യാറാക്കി നൽകിയ guidelines സർക്കാർ പരിശോധിച്ചുവരികയാണ്.<br><br>വിദ്യാർത്ഥികളുടെ അന്തർ സർവകലാശാല സ്ഥലംമാറ്റം സംബന്ധിച്ച ചട്ടങ്ങൾ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യവർഷം (2024-25) ഏകീകൃത അക്കാഡമിക് കലണ്ടർ നടപ്പിലാക്കുന്നതിനായി, 06.06.2024-ലെ സ.ഉ. (സാധാ) നം. 640/2024/HEDN നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച മോഡൽ ഏകീകൃത അക്കാഡമിക് കലണ്ടർ സർവകലാശാലകൾക്ക് ലഭ്യമാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ അക്കാഡമിക് കലണ്ടറുകൾ തയ്യാറാക്കാൻ സർവകലാശാലകൾക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത അക്കാദമിക് കലണ്ടർ നടപ്പിലാക്കിയതിലൂടെ പരീക്ഷ, ഫലപ്രഖ്യാപനം എന്നിവ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ നിർവഹിക്കാനാവശ്യമായ നിയമനിർമ്മാണം എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നത് പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ